**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2202** **03-03-2025 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻ ഗുണഭോക്താക്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മുൻഗണനാ റേഷൻ ഗുണഭോക്താക്കളുടെ നിലവിലുള്ള ഭക്ഷ്യധാന വിതരണ തോത് വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത ആവശ്യം ഉന്നയിച്ച് കേന്ദ്രഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ദേശീയഭക്ഷ്യ ഭദ്രതാനിയമപ്രകാരമാണ് മുൻഗണനാ വിഭാഗത്തിനുള്ള വിതരണത്തോത് നിശ്ചയിച്ചിട്ടുള്ളത്. ആയതു പ്രകാരം എ.എ.വൈ. വിഭാഗത്തിലെ ഒരു കുടുംബത്തിന് പ്രതിമാസം 35 കി.ഗ്രാം ഭക്ഷ്യധാന്യവും എ.എ.വൈ. ഒഴികെയുള്ള മുൻഗണനാ വിഭാഗത്തിലെ (priority) ഓരോ അംഗത്തിനും പ്രതിമാസം 5 കി.ഗ്രാം ഭക്ഷ്യധാന്യം വീതവും ലഭിച്ചുവരുന്നുണ്ട്. നിലവിൽ ടി വിഭാഗത്തിന് അരിയും ഗോതമ്പും സൗജന്യമായാണ് നൽകിവരുന്നത്. മുൻഗണനാ ഗുണഭോക്താക്കളുടെ ഭക്ഷ്യധാന്യവിഹിതം വർദ്ധിപ്പിക്കാൻ അടുത്ത ദേശീയ ജനസംഖ്യാ സെൻസസ് കഴിഞ്ഞ ശേഷമേ തീരുമാനിക്കാൻ കഴിയുകയുള്ളൂവെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | നിലവിലെ കണക്ക് പ്രകാരം മുൻഗണനാ റേഷൻ ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ, മുൻഗണനാ പട്ടികയുടെ ശുദ്ധീകരണവുമായി ബന്ധപ്പെട്ട് അനർഹമായി കൈവശം വച്ചിരുന്ന എത്ര കാർഡുകൾ സറണ്ടർ ചെയ്യപ്പെട്ടിട്ടുണ്ട്; അനർഹമായവ തിരിച്ചെടുത്ത് അർഹരായവർക്ക് കൂടുതൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | RCMS (Ration Card Management System) പ്രകാരം സംസ്ഥാനത്ത് മുൻഗണനാ റേഷൻ ഗുണഭോക്താക്കളുടെ നിലവിലെ എണ്ണം 15370471 ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വമേധയാ സറണ്ടർ ചെയ്ത ആകെ കാർഡുകളുടെ എണ്ണം 214007 ആണ്. ഇത്തരത്തിൽ അനർഹരെ മാറ്റുന്ന ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തി അവർക്ക് ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. |
| (സി) | സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള വിതരണത്തോത് അനുസരിച്ചുള്ള ഭക്ഷ്യധാന്യം ലഭ്യമാകുന്നുണ്ടെങ്കിലും ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുന്നതിനു മുൻപ് എ.പി.എൽ. വിഭാഗത്തിന് ലഭ്യമായിരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിനെ അപേക്ഷിച്ച് ടൈഡ് ഓവർ ഇനത്തിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് വളരെയധികം കുറവായതിനാൽ,ടൈഡ് ഓവർ ഇനത്തിൽ, കേരളത്തിന് കൂടുതൽ ഭക്ഷ്യ ധാന്യം അനുവദിക്കണം എന്നാവശ്യവുമായി നിരവധി |

| | | | |
|---|---|---|---|
| | | | നിവേദനങ്ങൾ നൽകുകയും പല തവണ സംസ്ഥാന ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേന്ദ്രവുമായി നേരിട്ട് ആശയ വിനിമയം നടത്തുകയും ചെയ്തിരുന്നെങ്കിലും ഭക്ഷ്യധാന്യ വിഹിതം കൂടുതലായി അനുവദിക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ലാത്തതാണ്.സപ്ലൈകോയുടെ **56** ഡിപ്പോകളിൽ നിന്നും ആവശ്യകതയ്ക്കനുസരിച്ച് പ്രതിമാസം ഇൻഡൻറ് ലഭ്യമാക്കി **ഇ -ടെൻഡർ / ഇ -ഓക്ഷൻ** മുഖേന അരി, പയർ പരിപ്പ് വർഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ പർച്ചേസ് നടത്തി ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കുന്നു . **FCI** യിൽ നിന്നും **OMSS** (Open Market Sale Scheme) മുഖേന ലഭ്യമാക്കുന്ന അരിയും വിവിധ ഡിപ്പോകൾ വഴി പൊതു വിപണിയിലെത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ